LIBRARY ARCHIVES Kerala Legislative Assembly

നികുതി വരുമാനം

13 (*43) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷം പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാനാവുമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(ബി) നികുതി വരുമാനത്തിൽ എത്രത്തോളം കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രതീക്ഷിത വരുമാനത്തിലെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ&ബി) നടപ്പുസാമ്പത്തിക വർഷത്തിന്റെ പ്രാരംഭ ഘട്ടമായതിനാൽ പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാനാകുമോ എന്നത് ഇപ്പോൾ പൂർണ്ണമായി വിലയിരുത്താൻ കഴിയില്ല. എന്നിരുന്നാലും പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബാധകമല്ല.

ലോട്ടറി രംഗത്തെ കർമ്മ പദ്ധതികൾ

14 (*44) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;